**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1709**

**14/12/2012-ൽ മറുപടിക്ക്**

# ആശ്രയ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ.പാലോട് രവി<br>ശ്രീ. വി. പി.സജീന്ദ്രൻ<br>ശ്രീ. എം. പി. വിൻസെന്റ് | **ഡോ. എം കെ. മുനീർ**<br>ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |
| (എ) ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ; | (എ) കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരും, അടിസ്ഥാന ജീവിതസൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും, സാമൂഹ്യമായി ബഹിഷ്കൃതരും, പാർശ്വവൽക്കരിക്കപ്പെട്ടവരും, യാതൊരുവിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സുതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് ആശ്രയ (Destitute Identification & Rehabilitation Programme). ഈ പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഒരു കുടുംബത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ചെയ്യുന്നത്. കുടുംബശ്രീയുടെ സാമ്പത്തികേതര ക്ലേശഘടകങ്ങൾ ഉപയോഗിച്ച് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, ആരോഗ്യപരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം, വീട് തുടങ്ങി ആവശ്യമായതെല്ലാം പ്രസ്തുത പദ്ധതി പ്രകാരം നൽകി വരുന്നു. |
| (ബി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; | (ബി) തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവ കൂടാതെ പൊതുജനങ്ങളുടെ സഹകരണത്തോടെയുമാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതി എത്ര ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) 940 ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ശേഷിക്കുന്ന പഞ്ചായത്തുകളിൽ കൂടി പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | (ഡി) | 38 ഗ്രാമപഞ്ചായത്തുകളിലാണ് ഇനിയും പദ്ധതി നടപ്പിലാക്കാനുള്ളത്. ഈ പഞ്ചായത്തുകളിൽ എത്രയും പെട്ടെന്ന് പദ്ധതി നടപ്പിലാക്കുന്നതിന് ബഹു. മുഖ്യമന്ത്രി നേരിട്ട് പഞ്ചായത്തുകൾക്ക് കത്ത് അയച്ചിട്ടുണ്ട്. ഇതിനായി ജില്ലാതല റിവ്യു മീറ്റിംഗ്, പ്രോജക്ട് രൂപീകരണത്തിന് പരിശീലനം എന്നിവ ഉൾപ്പടെയുള്ള വിവിധ നടപടികൾ നടപ്പാക്കുന്നുണ്ട്. പദ്ധതി ഉടൻ നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളിൽ പ്രോജക്ട് രൂപീകരണത്തിനായി 2 റിസോഴ്സ് പേഴ്സൺമാരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ